**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1195

30.01.2018-ൽ മറുപടിയ്ക്ക്

**തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി സംസ്ഥാന പാത വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി സംസ്ഥാന പാത വികസനവുമായി ബന്ധപ്പെട്ട് ഇതു വരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി സംസ്ഥാന പാത വികസനവുമായി ബന്ധപ്പെട്ട് 12 മാസത്തെ കാലാവധിയോടെ 01.11.2016-ൽ എഗ്രിമെന്റ് വച്ച് 10.11.2016-ൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തുവെങ്കിലും, തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പണി ആരംഭിക്കുവാൻ കഴിയാതെ വരികയും, തുടർന്ന് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്കു ശേഷം മാത്രം പ്രവൃത്തി പുനഃരാരംഭിച്ചാൽ മതിയെന്ന തീരുമാനമെടുക്കുകയും ചെയ്തു. ബജറ്റ് വർക്ക് ആയതിനാൽ മറ്റ് അറ്റകുറ്റപ്പണികൾ അറേഞ്ചു ചെയ്യാൻ സാധ്യമാകാതെ വരികയും റോഡിന്റെ നില ശോചനീയമാകുകയും തുടർന്ന് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം കരാറുകാരൻ ഇനിഷ്യൽ ലെവൽ എടുത്ത് അനുമതിക്കായി സമർപ്പിക്കുകയും, കാന പണി ആരംഭിക്കുകയും ചെയ്തു.<br><br>ഭൂമി ഏറ്റെടുക്കുന്നതിന് ഈ സാമ്പത്തിക വർഷം ബജറ്റിൽ മിച്ചമുള്ള തുക ഈ പ്രൊപ്പോസൽ |

പരിഗണിക്കുന്നതിന് അപര്യാപ്തമായ തിനാൽ തൃശ്ശൂർ വാടാനപ്പള്ളി സംസ്ഥാനപാത വികസനത്തിന് ഈ സാമ്പത്തിക വർഷം തുക അനുവദിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ അടുത്ത സാമ്പത്തിക വർഷം (2018-19) പകുതിയോടെ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് 27.01.2018-ലെ ജി2/522/17/പൊ.മ.വ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഉപയോഗിച്ച് നിലവിലുള്ള റോഡ് പുനഃരുദ്ധാരണം നടത്താൻ സാധിക്കുന്ന തരത്തിൽ ആളുകളെ നിയന്ത്രിച്ചിരുന്നുവെങ്കിൽ വീതി കൂട്ടുന്നതു വരെ നല്ല ഗതാഗതം സാധ്യമാകുമായിരുന്നു. വകുപ്പ് മന്ത്രി പറഞ്ഞിട്ടും ജന പ്രതിനിധികൾ അടക്കം തടസ്സം നിന്നതിനാൽ പുതിയ കാര്യങ്ങൾ ഭൂമി ഏറ്റെടുത്താലെ നടക്കുകയുള്ളു. ഇതു വരെ ഉണ്ടാകാത്ത വിധത്തിലുള്ള നിലപാടാണ് ഇവിടെ കണ്ടത്.

സെക്ഷൻ ഓഫീസർ